# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മേയ് 24, ബുധൻ

**നമ്പർ 77**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 2017 മേയ് 5-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 2206-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ മേശപ്പുറത്തുവച്ചു

അടിയന്തരപ്രമേയം:

കൃഷിവകുപ്പ് ഡയറക്ടറും പ്രിൻസിപ്പൽ സെക്രട്ടറിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസം കൃഷിവകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ഡി. സതീശനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടേയും കൃഷി വകുപ്പുമന്ത്രിയുടേയും മറുപടിയുടെ വെളിച്ചത്തിൽ സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങിപ്പോയി.

KNPP. 1021/2017(ii).

<u>ശ്രദ്ധ ക്ഷണിക്കൽ:</u>

(1) സംസ്ഥാനത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ ബഹുരാഷ്ട്ര സ്വകാര്യ സ്ഥാപനങ്ങൾക്ക് വിൽക്കുന്നതിനുള്ള തീരുമാനത്തിൽ നിന്ന് പിൻമാറുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ആർ. രാമചന്ദ്രൻ വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും ഫാർമസികളിലും നിലവിലുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകളും അഴിമതിയും ഇല്ലാതാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. കെ. ബഷീർ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ജസ്റ്റിൻ ജോണിന്റെ വീടിന് നേരെയുണ്ടായ ആക്രമണം | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. വി. വിജയദാസ് | കാഷ്വൽ സ്വീപ്പേഴ്സിനെ പാർട്ട് ടൈം സ്വീപ്പേഴ്സ് ആയി സ്ഥിരപ്പെടുത്തുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. പി. അനിൽ കുമാർ | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി വികസന സെമിനാർ അലങ്കോലപ്പെടുത്തിയത് | മുഖ്യമന്ത്രി |
| 4 | ശ്രീ. സി. കെ. ശശീന്ദ്രൻ | ഗൾഫിലേക്ക് സ്ത്രീകളെ റിക്രൂട്ട് ചെയ്യുന്ന റോളക്സ് ഏജൻസിയെപ്പറ്റി അന്വേഷിക്കുന്നത് | മുഖ്യമന്ത്രി |
| 5 | ശ്രീ. വി. എസ്. അച്യുതാനന്ദൻ | കഞ്ചിക്കോട് വ്യവസായ മേഖലയുടെ വികസനത്തിന് വേണ്ടിയുള്ള സമഗ്ര പാക്കേജ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. ബി. ഡി. ദേവസ്സി | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | കഴക്കൂട്ടം കാരോട് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഭൂമിക്ക് നിശ്ചയിച്ച വില നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. അബ്ദുൽ ഹമീദ്. പി. | കൊടക്കാട് കോട്ടേക്കുന്ന് നിവാസി കളുടെ ഭൂമി പോക്കുവരവ് ചെയ്യുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ടി. എ. റഹീം | കുന്ദമംഗലം സബ്-താലൂക്കിൽ നിന്നും സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നടപടി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 10 | ശ്രീ. സണ്ണി ജോസഫ് | അച്ചൻകുന്ന്, ആറളം, കൊട്ടിയൂർ വില്ലേജുകളിൽ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 11 | ശ്രീ. ഹൈബി ഈഡൻ | എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | ഗതാഗത വകുപ്പുമന്ത്രി |
| 12 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറത്ത് ഒരു ചരിത്ര പൈതൃക മ്യൂസിയം ആരംഭിക്കുന്നത് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 13 | ശ്രീ. കെ. എസ്. ശബരീനാഥൻ | വിതുര ചെറ്റച്ചലിൽ ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നത് | കൃഷി വകുപ്പുമന്ത്രി |
| 14 | ശ്രീ. മോൻസ് ജോസഫ് | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 15 | ശ്രീ. എ. എൻ. ഷംസീർ | കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്കൂൾ ഓഫ് ഹെൽത്ത് സയൻസിലെ കോഴ്സുകൾ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | ശ്രീ. എൽദോ എബ്രഹാം | മൂവാറ്റുപുഴ ഗവ. ട്രാൻസ്പോർട്ട് & എക്യുപ്മെന്റ് ഓർഗനൈസേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 17 | ശ്രീ. സി. കൃഷ്ണൻ | പയ്യന്നൂർ നഗരസഭയിൽ ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നത് | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു.

<u>ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:</u>

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 155/2017 | ജി.ഒ. (ആർറ്റി.) നമ്പർ 186/2017/ഹോം | 25-1-2017 |
| 2 | 178/2017 | ജി.ഒ. (ആർറ്റി.) നമ്പർ 709/2017/ഹോം | 25-3-2017 |
| 3 | 179/2017 | ജി.ഒ. (ആർറ്റി.) നമ്പർ 710/2017/ഹോം | 25-3-2017 |
| 4 | 183/2017 | ജി.ഒ. (എംഎസ്.) നമ്പർ 77/2017/ഹോം | 7-4-2017 |
| 5 | 209/2017 | ജി.ഒ. (ആർറ്റി.) നമ്പർ 766/2017/ഹോം | 30-3-2017 |
| 6 | 210/2017 | ജി.ഒ. (പി) നമ്പർ 282/2016/ഹോം | 8-11-2016 |
| 7 | 227/2017 | നമ്പർ 60903/എസ്.എസ്.എ 2/2016/ഹോം | 3-5-2017 |
| 8 | 232/2017 | ജി.ഒ. (എംഎസ്.) നമ്പർ 2/2017/പിഎഡി | 21-4-2017 |
| 9 | 233/2017 | ജി.ഒ. (എംഎസ്.) നമ്പർ 3/2017/പിഎഡി | 22-4-2017 |
| 10 | 234/2017 | ജി.ഒ. (എംഎസ്.) നമ്പർ 4/2017/പിഎഡി | 22-4-2017 |
| 11 | വിജ്ഞാപനം | നമ്പർ 373/ഡി/2017/കെൽസ | 6-3-2017 |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ട്:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 12 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി | 2015-16 | ഭരണറിപ്പോർട്ട് |
| 13 | സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ(CREST) | 2015-16 | വാർഷിക റിപ്പോർട്ടും ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടും |

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 14 | 207/2017 | ജി.ഒ. (പി) നമ്പർ 31/2017/റ്റിഡി | 19-4-2017 |
| 15 | 208/2017 | ജി.ഒ. (പി) നമ്പർ 32/2017/റ്റിഡി | 19-4-2017 |
| 16 | 252/2017 | ജി.ഒ. (പി) നമ്പർ 43/2017/റ്റിഡി | 11-5-2017 |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ട്:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 17 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ | 2010-11 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും |
| 18 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ | 2011-12 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും |
| 19 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ | 2012-13 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും |
| 20 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ | 2013-14 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും |
| 21 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ | 2014-15 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും |

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 22 | 720/2016 | ജി.ഒ. (പി) നമ്പർ 104/2016/നി.വ. | 26-11-2016 |
| 23 | 198/2017 | ജി.ഒ. (പി) നമ്പർ 29/2017/റ്റിഡി | 18-4-2017 |
| 24 | 199/2017 | ജി.ഒ. (പി) നമ്പർ 30/2017/റ്റിഡി | 18-4-2017 |
| 25 | 200/2017 | ജി.ഒ. (പി) നമ്പർ 33/2017/റ്റിഡി | 20-4-2017 |
| 26 | 201/2017 | ജി.ഒ. (പി) നമ്പർ 34/2017/റ്റിഡി | 20-4-2017 |
| 27 | 214/2017 | ജി.ഒ. (പി) നമ്പർ 37/2017/റ്റിഡി | 26-4-2017 |
| 28 | 204/2017 | ജി.ഒ. (പി) നമ്പർ 25/2017/എൽബിആർ | 11-4-2017 |
| 29 | 206/2017 | ജി.ഒ. (പി) നമ്പർ 27/2017/എൽബിആർ | 11-4-2017 |
| 30 | 217/2017 | ജി.ഒ. (പി) നമ്പർ 30/2017/എൽബിആർ | 26-4-2017 |
| 31 | 229/2017 | ജി.ഒ. (പി) നമ്പർ 33/2017/എൽബിആർ | 3-5-2017 |
| 32 | 230/2017 | ജി.ഒ. (പി) നമ്പർ 38/2017/റ്റിഡി | 6-5-2017 |
| 33 | 231/2017 | ജി.ഒ. (പി) നമ്പർ 39/2017/റ്റിഡി | 6-5-2017 |
| 34 | 240/2017 | ജി.ഒ. (പി) നമ്പർ 40/2017/റ്റിഡി | 8-5-2017 |
| 35 | 242/2017 | ജി.ഒ. (പി) നമ്പർ 34/2017/എൽബിആർ | 6-5-2017 |
| 36 | 243/2017 | ജി.ഒ. (പി) നമ്പർ 35/2017/എൽബിആർ | 9-5-2017 |
| 37 | 256/2017 | ജി.ഒ. (പി) നമ്പർ 38/2017/എൽബിആർ | 9-5-2017 |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ട്:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 38 | കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 2012-13 | ഭരണ ആഡിറ്റ് റിപ്പോർട്ട് |

<u>ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:</u>

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 39 | 129/2017 | ജി.ഒ. (പി) നമ്പർ 10/2017/കോ-ഓപ്. | 15-2-2017 |
| 40 | 197/2017 | ജി.ഒ. (പി) നമ്പർ 12/2017/കോ-ഓപ്. | 3-3-2017 |
| 41 | 222/2017 | ജി.ഒ. (പി) നമ്പർ 11/2017/കോ-ഓപ്. | 2-3-2017 |
| 42 | 74/2017 | ജി.ഒ. (പി) നമ്പർ 1/2017/എഫ്&ഡബ്ല്യുഎൽഡി. | 30-1-2017 |
| 43 | 210/2015 | സ.ഉ. (കൈ) നമ്പർ 126/2015/തസ്വഭവ. | 4-4-2015 |
| 44 | 149/2017 | ജി.ഒ. (പി) നമ്പർ 15/2017/എൽഎസ്ജിഡി. | 24-3-2017 |
| 45 | 203/2017 | ജി.ഒ. (പി) നമ്പർ 16/2017/എൽഎസ്ജിഡി. | 24-3-2017 |
| 46 | 205/2017 | ജി.ഒ. (പി) നമ്പർ 17/2017/എൽഎസ്ജിഡി. | 24-3-2017 |
| 47 | 215/2017 | ജി.ഒ. (പി) നമ്പർ 11/2017/എൽഎസ്ജിഡി. | 18-4-2017 |

<u>ചട്ടം 47(2) പ്രകാരം:</u>

ചട്ടം 47(2) പ്രകാരം കാലതാമസപത്രിക സഹിതമുള്ള താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ സഭയുടെ മേശപ്പുറത്തുവച്ചു:

| നിയമസഭ | സമ്മേളനം | ചോദ്യം നമ്പർ |
|---|---|---|
| 13 | 13 | 152 |
| 13 | 14 | 3055 |
| 13 | 15 | 3349 |
| 13 | 16 | 2622 |
| 14 | 1 | 894, 2289, 2350 |
| 14 | 2 | 1616, 2253, 4420, 5081, 5243, 5334, 5952 |
| 14 | 4 | 1, 30, 55, 82, 95, 1621, 1941, 2877, 2895, 3422, 3504, 3528, 3614, 4169 |
| 14 | 5 | 151, 725 |

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

1. സബ്ജക്ട് കമ്മിറ്റി II-ന്റെ 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

2. സബ്ജക്ട് കമ്മിറ്റി III-ന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

3. സബ്ജക്ട് കമ്മിറ്റി V-ന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

4. സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

5. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

6. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ.

7. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ.

<u>ഗവൺമെന്റ് പ്രമേയം:</u>

റബ്ബറിന്റെ വിലയിടിവ് തടയണമെന്നും സംസ്ഥാനത്തെ റബ്ബർ ബോർഡ് ഓഫീസുകൾ നിലനിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ചട്ടം 118 അനുസരിച്ചുള്ള പ്രമേയം കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ അവതരിപ്പിച്ചു. ശ്രീ. കെ. സി. ജോസഫ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. എം. മാണി. ശ്രീ. പി. സി. ജോർജ്, ശ്രീ. മോൻസ് ജോസഫ് എന്നിവർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. സി. ജോസഫ് എന്നിവർ അവതരിപ്പിച്ച ഭേദഗതികൾ ചില മാറ്റങ്ങളോടെ അംഗീകരിച്ചു. തുടർന്ന് താഴെപ്പറയുന്ന പ്രകാരം പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി:

"1995-ൽ ലോക വാണിജ്യ കരാർ നിലവിൽ വന്നതു മുതൽ ഇന്ത്യയും ഈ കരാറിൽ അംഗമാണ്. സ്വാഭാവിക ഉണക്ക റബ്ബറിന് അന്ന് ഇന്ത്യ അംഗീകരിച്ച കൂടിയ ചുങ്കം 25% ആയിരുന്നു. 25% ചുങ്കമോ 30 രൂപയോ ഏതാണ് കുറവ് എന്നതാണ് സ്വാഭാവിക റബ്ബറിന് ഇന്ത്യ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം. ലോക വ്യാപാര കരാറിന് ശേഷം റബ്ബർ മേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രഹരം ഏൽപ്പിച്ച ഒരു കരാറാണ് ഇന്ത്യ ആസിയാൻ സ്വതന്ത്ര വ്യാപാരകരാർ. പ്രസ്തുത കരാറിൽ അംഗങ്ങളായ മലേഷ്യ, തായ്‌ലാൻഡ്, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങൾ സ്വാഭാവിക റബ്ബറിന്റെ വൻ ഉത്പാദകരും സ്വാഭാവിക റബ്ബറിന്റെ ഉത്പാദന ചെലവ് കുറഞ്ഞ രാജ്യങ്ങളുമാണ്. പ്രസ്തുത രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് ഇറക്കുമതി നടക്കുന്നുണ്ട്.

റബ്ബർ വിലയിടിവ് നേരിടുവാൻ ഇറക്കുമതി നിയന്ത്രണം ഉൾപ്പെടെ കേന്ദ്ര സർക്കാരിന്റെ ഇടപെടലുകൾ ആവശ്യമായതിനാൽ കേന്ദ്രസർക്കാരിന് സംസ്ഥാന സർക്കാർ യഥാസമയം നിവേദനങ്ങൾ നൽകിയിട്ടുണ്ട്. മേക്ക് ഇൻ ഇന്ത്യയിൽ റബ്ബർ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തടയുക, സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം കൂട്ടുന്നതിനായി കയറ്റുമതി സബ്സിഡി അനുവദിക്കുക, വിലയിടിവ് തടയുന്നതിനായി താങ്ങുവില പ്രഖ്യാപിക്കുക എന്നിവയുൾപ്പെടെ വിവിധ ആവശ്യങ്ങളടങ്ങിയ നിവേദനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും 2016 ജനുവരി 21 മുതൽ 2016 മാർച്ച് 31 വരെ മാത്രമാണ് ഇറക്കുമതി താൽക്കാലികമായി തടഞ്ഞിരുന്നത്.

എന്നാൽ ലോകവ്യാപാര കരാർ പ്രകാരമുള്ള പ്രതിജ്ഞാബദ്ധത കാരണം ഇറക്കുമതി ചുങ്കം 25%-ത്തിൽ അധികം വർദ്ധിപ്പിക്കാൻ കഴിയില്ലെന്നും രാജ്യത്ത് നിലവിലുള്ള ഉൽപ്പാദന ഉപഭോഗ സാഹചര്യം കാരണം വൻതോതിലുള്ള കയറ്റുമതിക്ക് സാധ്യതയില്ലെന്നും കച്ചവടനിയന്ത്രണവും നേരിട്ടുള്ള സംഭരണവുംവഴി സ്വതന്ത്ര വിപണിയിൽ ഇടപെട്ട് സ്വാഭാവിക റബ്ബറിന് ഉയർന്ന നിരക്കിലുള്ള താങ്ങുവില നിശ്ചയിക്കുക യെന്നത് ലോകവ്യാപാര കരാർ പ്രകാരമുള്ള പ്രതിജ്ഞാബദ്ധതയുമായി ഒത്തു പോകാത്തതിനാൽ ആയത് പ്രായോഗികമല്ലെന്നും, കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് വിവിധ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു വെങ്കിലും റബ്ബറൈസ്ഡ് റോഡ് സംബന്ധിച്ചുള്ള നിർദ്ദേശത്തിൽ മാത്രമാണ് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല പ്രതികരണം ഉണ്ടായിട്ടുള്ളത്. അത് തന്നെ കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ പരിശോധനയ്ക്ക് നൽകാമെന്നത് മാത്രമാണ്.

റബ്ബർ വിപണിയിലെ അനിശ്ചിതാവസ്ഥ പരിഗണിച്ച് കർഷകന് ന്യായവില ഉറപ്പാക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത് 2015-16 സാമ്പത്തികവർഷം മുതൽ സംസ്ഥാന സർക്കാർ വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വ്യത്യാസം അനുസരിച്ചുള്ള തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറി വരുന്നു. സംസ്ഥാന സർക്കാരിന്റെ ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ആവശ്യമാണ്.

സ്വാഭാവിക റബ്ബറിന്റെ ഏറ്റവും കൂടുതൽ ഉൽപ്പാദനം നടത്തുന്ന കേരളത്തിൽ നിന്ന് റബ്ബർ ബോർഡിന്റെ ആസ്ഥാനം അന്യ സംസ്ഥാനത്തേക്ക് മാറ്റാനുള്ള നീക്കത്തേയും റീജിയണൽ ഓഫീസുകൾ നിർത്തലാക്കുകയും കൂട്ടിയോജിപ്പിക്കുകയും ചെയ്ത നടപടിയിലും ഈ സഭ പ്രതിഷേധിക്കുന്നു. പിൻവലിച്ച റീജിയണൽ ഓഫീസുകൾ പുനഃസ്ഥാപിക്കണമെന്നും റബ്ബർ ബോർഡിന്റെ ആസ്ഥാനം അന്യ സംസ്ഥാനങ്ങളിലേക്ക് മാറ്റാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം നിശ്ചയിച്ച സംഭരണ വിലയായ കിലോക്ക് 150 രൂപ ആഗോള മാർക്കറ്റിലെ മാന്ദ്യവും ഉത്പാദന ചെലവിലെ വർദ്ധനവും കണക്കിലെടുത്ത 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഈ സാഹചര്യത്തിൽ കേരളത്തിലെ കർഷകരുടെ ജീവനോപാധിയായ റബ്ബറിന് ന്യായവില ഉറപ്പാക്കുവാൻ കേന്ദ്രസർക്കാർ ഇടപെടണമെന്നും ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുവാൻ വാണിജ്യ കരാറുകളിൽ അനുവദിച്ചിട്ടുള്ള വ്യവസ്ഥകൾ ഉപയോഗപ്പെടുത്തണമെന്നും, ഇറക്കുമതി ചെയ്യുന്ന സ്വാഭാവിക റബ്ബറിനെ ലൈവ്‌ലിഹുഡ് സെക്യൂരിറ്റി ബോക്സിൽ ഉൾപ്പെടുത്തണമെന്നും ഇറക്കുമതി ചെയ്യുന്ന സ്വാഭാവിക റബ്ബറിന് ഡബ്ല്യൂ.റ്റി.ഒ. ഉൾപ്പെടെയുള്ള കരാറുകളിൽ അംഗീകരിച്ചിട്ടുള്ള സേഫ് ഗാർഡ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്നും, ആർ.സി.ഇ.പി. കരാർ ഉൾപ്പെടെ കേന്ദ്രസർക്കാർ ഏർപ്പെടുന്ന എല്ലാ സ്വതന്ത്ര വ്യാപാര കരാറുകളിലും സ്വാഭാവിക റബ്ബറിനെ സംരക്ഷിക്കുവാൻ 'നെഗറ്റീവ് ലിസ്റ്റ് അഥവാ സംരക്ഷിത ഉൽപ്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്തണമെന്നും, കർഷകർക്ക് പ്രയോജനം ചെയ്യുന്ന തരത്തിൽ ദേശീയ നയം രൂപീകരിക്കണമെന്നും റബ്ബർ ആക്ട് പിൻവലിക്കുകയോ കർഷകദ്രോഹ നടപടികൾ അതിൽ ഉൾപ്പെടുത്തുകയോ ചെയ്യരുതെന്നും, ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു'.

ധനകാര്യം:

## 2017-2018 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും

2017-2018 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേക്കുള്ള II, III. XII, XIII, VIII, XXIV, XV, XVII, XVIII, XLVI, XX, XXII, XXXVI, XXV, XXVII, XLII, XXIX, XXX, XXXIII, XXXIV, XXXVII എന്നീ ധനാഭ്യർത്ഥനകളുടെ പേരിൽ ഉപധനാഭ്യർത്ഥകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചു

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കെ. രാജൻ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. പി. ടി. എ. റഹീം

ശ്രീ. പി. സി. ജോർജ്

ശ്രീ. സി. കെ. നാണു

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. രാജു എബ്രഹാം

ശ്രീ. സി. ദിവാകരൻ

ശ്രീ. അനൂപ് ജേക്കബ്

ഡോ. എം. കെ. മുനീർ

ശ്രീ. എസ്. ശർമ്മ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മറുപടി നൽകി. തുടർന്ന് അവതരിപ്പിക്കപ്പെട്ട ഉപധനാഭ്യർത്ഥനകൾ സഭ വോട്ടിനിട്ട് പാസ്സാക്കി.

തുടർന്ന് സഭ XIV, XVI, XXIII, XXVIII, XXXII, XL എന്നീ ധനാഭ്യർത്ഥനകളുടെ പേരിലുള്ള ഉപധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസ്സാക്കി.

നിയമനിർമ്മാണകാര്യം:

വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രസ്തുത ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. കെ. സി. ജോസഫ്, ശ്രീ. പി. കെ. അബ്ദു റബ്ബ് എന്നിവർ സംസാരിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എസ്. ശർമ്മയും ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എ. പി. അനിൽ കുമാറും അവതരിപ്പിച്ച് സംസാരിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

പീഠിക

നിയമപ്രഖ്യാപന വാക്യത്തിലെ "ഇനിപ്പറയും" എന്നത് "ഇനി പറയും" എന്ന് മാറ്റുക.

രണ്ടാം വകുപ്പ്

ഖണ്ഡം 2(1) (ബി)-യിൽ "എല്ലാ" എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 2(1) (ബി)-യിൽ "അൺ-എയ്ഡഡ്, സ്കൂളുകൾ" എന്നതിനു പകരം "അൺ-എയ്ഡഡ് സ്കൂളുകൾ" എന്ന് ചേർക്കുക.

ഖണ്ഡം 2(1) (ബി)-യിൽ "ബോർഡുകളുമായി" എന്നതിനു പകരം "ബോർഡുകളിലേതെങ്കിലുമായി" എന്ന് ചേർക്കുക.

മൂന്നാം വകുപ്പ്

ഖണ്ഡം 3(1)-ൽ ക്ലിപ്തനിബന്ധനയിൽ "അനുസരിച്ച്" എന്നത് "പ്രകാരം" എന്ന് മാറ്റുക.

ഖണ്ഡം 3(1)-ൽ ക്ലിപ്തനിബന്ധനയിൽ "ഭാഷാന്യൂനപക്ഷ"എന്ന വാക്കിനു പകരം "ഭാഷാ ന്യൂനപക്ഷ" എന്ന് മാറ്റുക.

ഖണ്ഡം 3(3)-ൽ "പ്രചാരണങ്ങളോ" എന്ന വാക്കിനു ശേഷമുള്ള "സ്ലൂളുകളിൽ" എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 3(7)-ൽ "മലയാള" എന്നതിനു ശേഷം "ഭാഷാ" എന്ന് ചേർക്കുക.

<u>നാലാം വകുപ്പ്</u>

ഖണ്ഡം 4(4)-ൽ "നിർണ്ണയിക്കാവുന്ന രീതിയിൽ" എന്ന വാക്കിന് ശേഷം "സർക്കാരിന്" എന്ന വാക്കും, "അംഗീകാരം റദ്ദാക്കുന്നതും"എന്ന വാക്കുകൾക്കു പകരം "അംഗീകാരം റദ്ദാക്കുകയും"എന്ന വാക്കുകളും "ചെയ്യേണ്ടതാണ്" എന്ന വാക്കിനു പകരം "ചെയ്യാവുന്നതാണ്" എന്ന വാക്കും ചേർക്കുക.

ഖണ്ഡം 4(1)-ൽ "(2)-ഉം (3)-ഉം ഉപവകുപ്പുകളിലെ" എന്നതിനു പകരം "(2)-ാം ഉപവകുപ്പിലെയോ (3)-ാം ഉപവകുപ്പിലെയോ" എന്ന് ചേർക്കുക.

ഖണ്ഡം 4(3)-ൽ "കിട്ടി 30 ദിവസത്തിനുള്ളിൽ" എന്ന വാക്കുകൾക്കു ശേഷം "പൊതു" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 4(4)-ൽ "(1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മൂന്ന് ലംഘനങ്ങളുണ്ടാകുന്ന പക്ഷം" എന്നതിനു പകരം "3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലേയോ, (3)-ാം ഉപവകുപ്പിലേയോ വ്യവസ്ഥകളുടെ ലംഘനം മൂന്ന് തവണ ഉണ്ടാകുന്ന പക്ഷം" എന്ന് ചേർക്കുക.

<u>നാല് (എ) വകുപ്പ്</u>

ഖണ്ഡം "4(a)" എന്നത് "5" എന്ന് മാറ്റുകയും ശേഷിക്കുന്നവ ആയത് പ്രകാരം പുനരക്കം ചെയ്യുകയും ചെയ്യുക.

2017 മേയ് 25-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.45-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,<br>
*സെക്രട്ടറി.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Fifth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, May 24, 2017*

**No. 77**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Correction of Answer to Unstarred Questions:*

The statement correcting the answer to unstarred question No. 2206 dated May 5, 2017 of the Fifth Session of the Fourteenth Kerala Legislative Assembly and the corrected answer were laid on the table by Shri T. P. Ramakrishnan, Minister for Labour and Excise.

*Adjournment Motion:*

After hearing the Chief Minister and the Minister for Agriculture, the Speaker withheld consent to the moving of an adjournment motion given notice of by Shri V. D. Satheesan and two other Members regarding the serious situation reported to have arisen consequent on the difference of opinion between Principal Secretary, Agriculture and the Director of Agriculture which adversly affected the functioning of Agriculture Department.

In protest against the attitude of the Government in the matter, the Members belonging to the opposition staged a walkout.

KNPP. 1021/2017(ii).

*Calling Attention:*

(1) Shri R. Ramachandran called the attention of the Minister for Industries, Sports and Youth Affairs to the necessity to exert pressure on the Central Government to withdraw the decision to sell off the assets of Central Public Sector Undertakings in the State to multinational private entities. The Minister made a statement thereto.

(2) Shri P. K. Basheer called the attention of the Minister for Health and Social Justice to the necessity to take steps to annihilate the reported irregularities and corruption existing in Government Hospitals and Pharmacies in the State. The Minster made a statement thereto.

*The matters raised by Members under Rule 304:*

The matters raised by Members in the House under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | ജസ്റ്റിൻ ജോണിന്റെ വീടിന് നേരെയുണ്ടായ ആക്രമണം | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. വി. വിജയദാസ് | കാഷ്വൽ സ്വീപ്പേഴ്സിനെ പാർട്ട് ടൈം സ്വീപ്പേഴ്സ് ആയി സ്ഥിരപ്പെടുത്തുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. പി. അനിൽ കുമാർ | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി വികസന സെമിനാർ അലങ്കോലപ്പെടുത്തിയത് | മുഖ്യമന്ത്രി |
| 4 | ശ്രീ. സി. കെ. ശശീന്ദ്രൻ | ഗൾഫിലേക്ക് സ്ത്രീകളെ റിക്രൂട്ട് ചെയ്യുന്ന റോളക്സ് ഏജൻസിയെപ്പറ്റി അന്വേഷിക്കുന്നത് | മുഖ്യമന്ത്രി |
| 5 | ശ്രീ. വി. എസ്. അച്യുതാനന്ദൻ | കഞ്ചിക്കോട് വ്യവസായ മേഖലയുടെ വികസനത്തിന് വേണ്ടിയുള്ള സമഗ്ര പാക്കേജ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. ബി. ഡി. ദേവസ്സി | ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | കഴക്കൂട്ടം കാരോട് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഭൂമിക്ക് നിശ്ചയിച്ച വില നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. അബ്ദുൽ ഹമീദ്. പി. | കൊടക്കാട് കോട്ടേക്കുന്ന് നിവാസി കളുടെ ഭൂമി പോക്കുവരവ് ചെയ്യുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. ടി. എ. റഹീം | കുന്ദമംഗലം സബ്-താലൂക്കിൽ നിന്നും സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നടപടി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 10 | ശ്രീ. സണ്ണി ജോസഫ് | അച്ചൻകുന്ന്, ആറളം, കൊട്ടിയൂർ വില്ലേജുകളിൽ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 11 | ശ്രീ. ഹൈബി ഈഡൻ | എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | ഗതാഗത വകുപ്പുമന്ത്രി |
| 12 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറത്ത് ഒരു ചരിത്ര പൈതൃക മ്യൂസിയം ആരംഭിക്കുന്നത് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 13 | ശ്രീ. കെ. എസ്. ശബരീനാഥൻ | വിതുര ചെറ്റച്ചലിൽ ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നത് | കൃഷി വകുപ്പുമന്ത്രി |
| 14 | ശ്രീ. മോൻസ് ജോസഫ് | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 15 | ശ്രീ. എ. എൻ. ഷംസീർ | കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്കൂൾ ഓഫ് ഹെൽത്ത് സയൻസിലെ കോഴ്സുകൾ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | ശ്രീ. എൽദോ എബ്രഹാം | മൂവാറ്റുപുഴ ഗവ. ട്രാൻസ്പോർട്ട് & എക്യുപ്മെന്റ് ഓർഗനൈസേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 17 | ശ്രീ. സി. കൃഷ്ണൻ | പയ്യന്നൂർ നഗരസഭയിൽ ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നത് | തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers laid on the Table:*

The following papers were laid on the table:

*ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 155/2017 | ജി.ഒ. (ആർറ്റി.) നമ്പർ 186/2017/ഹോം | 25-1-2017 |
| 2 | 178/2017 | ജി.ഒ. (ആർറ്റി.) നമ്പർ 709/2017/ഹോം | 25-3-2017 |
| 3 | 179/2017 | ജി.ഒ. (ആർറ്റി.) നമ്പർ 710/2017/ഹോം | 25-3-2017 |
| 4 | 183/2017 | ജി.ഒ. (എംഎസ്.) നമ്പർ 77/2017/ഹോം | 7-4-2017 |
| 5 | 209/2017 | ജി.ഒ. (ആർറ്റി.) നമ്പർ 766/2017/ഹോം | 30-3-2017 |
| 6 | 210/2017 | ജി.ഒ. (പി) നമ്പർ 282/2016/ഹോം | 8-11-2016 |
| 7 | 227/2017 | നമ്പർ 60903/എസ്.എസ്.എ.2/2016/ഹോം | 3-5-2017 |
| 8 | 232/2017 | ജി.ഒ. (എംഎസ്.) നമ്പർ 2/2017/പിഎഡി | 21-4-2017 |
| 9 | 233/2017 | ജി.ഒ. (എംഎസ്.) നമ്പർ 3/2017/പിഎഡി | 22-4-2017 |
| 10 | 234/2017 | ജി.ഒ. (എംഎസ്.) നമ്പർ 4/2017/പിഎഡി | 22-4-2017 |
| 11 | വിജ്ഞാപനം | നമ്പർ 373/ഡി/2017/കെൽസ | 6-3-2017 |

*വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ട്:*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 12 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി | 2015-16 | ഭരണറിപ്പോർട്ട് |
| 13 | സെന്റർ ഫോർ റിസർച്ച് ആന്റ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ(CREST) | 2015-16 | വാർഷിക റിപ്പോർട്ടും ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടും |

*ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 14 | 207/2017 | ജി.ഒ. (പി) നമ്പർ 31/2017/റ്റിഡി | 19-4-2017 |
| 15 | 208/2017 | ജി.ഒ. (പി) നമ്പർ32/2017/റ്റിഡി | 19-4-2017 |
| 16 | 252/2017 | ജി.ഒ. (പി) നമ്പർ 43/2017/റ്റിഡി | 11-5-2017 |

*വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ട്:*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 17 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് &ടാക്സേഷൻ | 2010-11 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും |
| 18 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് &ടാക്സേഷൻ | 2011-12 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും |
| 19 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് &ടാക്സേഷൻ | 2012-13 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും |
| 20 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് &ടാക്സേഷൻ | 2013-14 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും |
| 21 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് &ടാക്സേഷൻ | 2014-15 | വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത കണക്കുകളും |

*ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 22 | 720/2016 | ജി.ഒ. (പി) നമ്പർ 104/2016/നി.വ | 26-11-2016 |
| 23 | 198/2017 | ജി.ഒ. (പി) നമ്പർ 29/2017/റ്റിഡി | 18-4-2017 |
| 24 | 199/2017 | ജി.ഒ. (പി) നമ്പർ 30/2017/റ്റിഡി | 18-4-2017 |
| 25 | 200/2017 | ജി.ഒ. (പി) നമ്പർ 33/2017/റ്റിഡി | 20-4-2017 |
| 26 | 201/2017 | ജി.ഒ. (പി) നമ്പർ 34/2017/റ്റിഡി | 20-4-2017 |
| 27 | 214/2017 | ജി.ഒ. (പി) നമ്പർ 37/2017/റ്റിഡി | 26-4-2017 |
| 28 | 204/2017 | ജി.ഒ. (പി) നമ്പർ 25/2017/എൽബിആർ | 11-4-2017 |
| 29 | 206/2017 | ജി.ഒ. (പി) നമ്പർ 27/2017/എൽബിആർ | 11-4-2017 |
| 30 | 217/2017 | ജി.ഒ. (പി) നമ്പർ 30/2017/എൽബിആർ | 26-4-2017 |
| 31 | 229/2017 | ജി.ഒ. (പി) നമ്പർ 33/2017/എൽബിആർ | 3-5-2017 |
| 32 | 230/2017 | ജി.ഒ. (പി) നമ്പർ 38/2017/റ്റിഡി | 6-5-2017 |
| 33 | 231/2017 | ജി.ഒ. (പി) നമ്പർ 39/2017/റ്റിഡി | 6-5-2017 |
| 34 | 240/2017 | ജി.ഒ. (പി) നമ്പർ 40/2017/റ്റിഡി | 8-5-2017 |
| 35 | 242/2017 | ജി.ഒ. (പി) നമ്പർ 34/2017/എൽബിആർ | 6-5-2017 |
| 36 | 243/2017 | ജി.ഒ. (പി) നമ്പർ 35/2017/എൽബിആർ | 9-5-2017 |
| 37 | 256/2017 | ജി.ഒ. (പി) നമ്പർ 38/2017/എൽബിആർ | 9-5-2017 |

*വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ട്:*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 38 | കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 2012-13 | ഭരണ ആഡിറ്റ് റിപ്പോർട്ട് |

*ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 39 | 129/2017 | ജി.ഒ. (പി) നമ്പർ 10/2017/കോ-ഓപ്. | 15-2-2017 |
| 40 | 197/2017 | ജി.ഒ. (പി) നമ്പർ 12/2017/കോ-ഓപ്. | 3-3-2017 |
| 41 | 222/2017 | ജി.ഒ. (പി) നമ്പർ 11/2017/കോ-ഓപ്. | 2-3-2017 |
| 42 | 74/2017 | ജി.ഒ. (പി) നമ്പർ 1/2017/എഫ്&ഡബ്ല്യുഎൽഡി. | 30-1-2017 |
| 43 | 210/2015 | സ.ഉ. (കൈ) നമ്പർ 126/2015/തസ്വഭവ. | 4-4-2015 |
| 44 | 149/2017 | ജി.ഒ. (പി) നമ്പർ 15/2017/എൽഎസ്ജിഡി. | 24-3-2017 |
| 45 | 203/2017 | ജി.ഒ. (പി) നമ്പർ 16/2017/എൽഎസ്ജിഡി. | 24-3-2017 |
| 46 | 205/2017 | ജി.ഒ. (പി) നമ്പർ 17/2017/എൽഎസ്ജിഡി. | 24-3-2017 |
| 47 | 215/2017 | ജി.ഒ. (പി) നമ്പർ 11/2017/എൽഎസ്ജിഡി. | 18-4-2017 |

*Under Rule 47 (2):*

The answers to the following questions together with the statement showing reasons for delay were laid on the table as per Rule 47 (2)

| Assembly | Question No. | Session |
|---|---|---|
| 13 | 13 | 152 |
| 13 | 14 | 3055 |
| 13 | 15 | 3349 |
| 13 | 16 | 2622 |
| 14 | 1 | 894, 2289, 2350 |
| 14 | 2 | 1616, 2253, 4420, 5081, 5243, 5334, 5952 |
| 14 | 4 | 1, 30, 55, 82, 95, 1621, 1941, 2877, 2895, 3422, 3504, 3528, 3614, 4169 |
| 14 | 5 | 151, 725 |

*Presentation of Reports:*

The following Reports were presented:

1. The Report of the Subject Committee II on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.
2. The Report of the Subject Committee III on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.
3. The Report of the Subject Committee V on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.
4. The Report of the Subject Committee VIII on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.
5. The Report of the Subject Committee XIV on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.
6. The Third and Fourth Reports of the Committee on Environment.
7. The First and Second Reports of the Committee on Official Language.

*Government Resolution:*

Shri V. S. Sunil Kumar, Minister for Agriculture moved a resolution under Rule 118 urging the Central Government to arrest the fall in price of rubber and to retain the Rubber Board Offices in the State. Shri K. C. Joseph, Shri Thiruvanchoor Radhakrishnan, Shri K. M. Mani, Shri Mons Joseph and Shri P. C. George moved amendments to the resolution. The amendments moved

by Shri K. C. Joseph and Shri Thiruvanchoor Radhakrishnan were accepted with certain modifications. Then the resolution as given below was adopted by the House unanimously.

"1995-ൽ ലോക വാണിജ്യ കരാർ നിലവിൽവന്നതു മുതൽ ഇന്ത്യയും ഈ കരാറിൽ അംഗമാണ്. സ്വാഭാവിക ഉണക്ക റബ്ബറിന് അന്ന് ഇന്ത്യ അംഗീകരിച്ച കൂടിയ ചുങ്കം 25% ആയിരുന്നു. 25% ചുങ്കമോ 30 രൂപയോ ഏതാണ് കുറവ് എന്നതാണ് സ്വാഭാവിക റബ്ബറിന് ഇന്ത്യ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം. ലോക വ്യാപാര കരാറിനു ശേഷം റബ്ബർ മേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രഹരം ഏൽപ്പിച്ച ഒരു കരാറാണ് ഇന്ത്യ ആസിയാൻ സ്വതന്ത്ര വ്യാപാരകരാർ. പ്രസ്തുത കരാറിൽ അംഗങ്ങളായ മലേഷ്യ, തായ്‍ലാൻഡ്, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങൾ സ്വാഭാവിക റബ്ബറിന്റെ വൻ ഉത്പാദകരും സ്വാഭാവിക റബ്ബറിന്റെ ഉത്പാദന ചെലവ് കുറഞ്ഞ രാജ്യങ്ങളുമാണ്. പ്രസ്തുത രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് ഇറക്കുമതി നടക്കുന്നുണ്ട്.

റബ്ബർ വിലയിടിവ് നേരിടുവാൻ ഇറക്കുമതി നിയന്ത്രണം ഉൾപ്പെടെ കേന്ദ്രസർക്കാരിന്റെ ഇടപെടലുകൾ ആവശ്യമായതിനാൽ കേന്ദ്രസർക്കാരിന് സംസ്ഥാന സർക്കാർ യഥാസമയം നിവേദനങ്ങൾ നൽകിയിട്ടുണ്ട്. മേക്ക് ഇൻ ഇന്ത്യയിൽ റബ്ബർ ഉൾപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തടയുക, സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം കൂട്ടുന്നതിനായി കയറ്റുമതി സബ്സിഡി അനുവദിക്കുക, വിലയിടിവ് തടയുന്നതിനായി താങ്ങുവില പ്രഖ്യാപിക്കുക എന്നിവയുൾപ്പെടെ വിവിധ ആവശ്യങ്ങളടങ്ങിയ നിവേദനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും 2016 ജനുവരി 21 മുതൽ 2016 മാർച്ച് 31 വരെ മാത്രമാണ് ഇറക്കുമതി താൽക്കാലികമായി തടഞ്ഞിരുന്നത്.

എന്നാൽ ലോക വ്യാപാര കരാർ പ്രകാരമുള്ള പ്രതിജ്ഞാബദ്ധത കാരണം ഇറക്കുമതി ചുങ്കം 25%-ത്തിൽ അധികം വർദ്ധിപ്പിക്കാൻ കഴിയില്ലെന്നും രാജ്യത്ത് നിലവിലുള്ള ഉൽപാദന ഉപഭോഗ സാഹചര്യം കാരണം വൻതോതിലുള്ള കയറ്റുമതിക്ക് സാധ്യതയില്ലെന്നും കച്ചവടനിയന്ത്രണവും നേരിട്ടുള്ള സംഭരണവുംവഴി സ്വതന്ത്ര വിപണിയിൽ ഇടപെട്ട് സ്വാഭാവിക റബ്ബറിന് ഉയർന്ന നിരക്കിലുള്ള താങ്ങുവില നിശ്ചയിക്കുകയെന്നത് ലോകവ്യാപാര കരാർ പ്രകാരമുള്ള പ്രതിജ്ഞാബദ്ധതയുമായി ഒത്തു പോകാത്തതിനാൽ ആയത് പ്രായോഗികമല്ലെന്നും കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ

സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് വിവിധ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു വെങ്കിലും റബ്ബറൈസ്ഡ് റോഡ് സംബന്ധിച്ചുള്ള നിർദ്ദേശത്തിൽ മാത്രമാണ് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല പ്രതികരണം ഉണ്ടായിട്ടുള്ളത്. അത് തന്നെ കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ പരിശോധനയ്ക്ക് നൽകാമെന്നത് മാത്രമാണ്.

റബ്ബർ വിപണിയിലെ അനിശ്ചിതാവസ്ഥ പരിഗണിച്ച് കർഷകന് ന്യായവില ഉറപ്പാക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത് 2015-16 സാമ്പത്തികവർഷം മുതൽ സംസ്ഥാന സർക്കാർ വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വ്യത്യാസം അനുസരിച്ചുള്ള തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറി വരുന്നു. സംസ്ഥാന സർക്കാരിന്റെ ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ആവശ്യമാണ്.

സ്വാഭാവിക റബ്ബറിന്റെ ഏറ്റവും കൂടുതൽ ഉൽപാദനം നടത്തുന്ന കേരളത്തിൽ നിന്ന് റബ്ബർ ബോർഡിന്റെ ആസ്ഥാനം അന്യസംസ്ഥാനത്തേക്ക് മാറ്റാനുള്ള നീക്കത്തേയും റീജിയണൽ ഓഫീസുകൾ നിർത്തലാക്കുകയും കൂട്ടിയോജിപ്പിക്കുകയും ചെയ്ത നടപടിയിലും ഈ സഭ പ്രതിഷേധിക്കുന്നു. പിൻവലിച്ച റീജിയണൽ ഓഫീസുകൾ പുനഃസ്ഥാപിക്കണമെന്നും റബ്ബർ ബോർഡിന്റെ ആസ്ഥാനം അന്യസംസ്ഥാനങ്ങളിലേക്ക് മാറ്റാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം നിശ്ചയിച്ച സംഭരണവിലയായ കിലോക്ക് 150 രൂപ ആഗോള മാർക്കറ്റിലെ മാന്ദ്യവും ഉത്പാദന ചെലവിലെ വർദ്ധനവും കണക്കിലെടുത്ത് 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഈ സാഹചര്യത്തിൽ കേരളത്തിലെ കർഷകരുടെ ജീവനോപാധിയായ റബ്ബറിന് ന്യായവില ഉറപ്പാക്കുവാൻ കേന്ദ്രസർക്കാർ ഇടപെടണമെന്നും ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുവാൻ വാണിജ്യ കരാറുകളിൽ അനുവദിച്ചിട്ടുള്ള വ്യവസ്ഥകൾ ഉപയോഗപ്പെടുത്തണമെന്നും, ഇറക്കുമതി ചെയ്യുന്ന സ്വാഭാവിക റബ്ബറിനെ ലൈവ്ലിഹുഡ് സെക്യൂരിറ്റി ബോക്സിൽ ഉൾപ്പെടുത്തണമെന്നും ഇറക്കുമതി ചെയ്യുന്ന സ്വാഭാവിക റബ്ബറിന് ഡബ്ല്യു.റ്റി.ഒ. ഉൾപ്പെടെയുള്ള കരാറുകളിൽ അംഗീകരിച്ചിട്ടുള്ള സേഫ് ഗാർഡ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്നും, ആർ.സി.ഇ.പി. കരാർ ഉൾപ്പെടെ കേന്ദ്രസർക്കാർ ഏർപ്പെടുന്ന എല്ലാ സ്വതന്ത്ര വ്യാപാര കരാറുകളിലും സ്വാഭാവിക റബ്ബറിനെ സംരക്ഷിക്കുവാൻ

'നെഗറ്റീവ് ലിസ്റ്റ്' അഥവാ സംരക്ഷിത ഉൽപ്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്തണമെന്നും, കർഷകർക്ക് പ്രയോജനം ചെയ്യുന്ന തരത്തിൽ ദേശീയ നയം രൂപീകരിക്കണമെന്നും റബ്ബർ ആക്ട് പിൻവലിക്കുകയോ കർഷകദ്രോഹ നടപടികൾ അതിൽ ഉൾപ്പെടുത്തുകയോ ചെയ്യരുതെന്നും, ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു".

*Financial Business:*

<u>Discussion and voting on the supplementary Demands for Grants in the Budget for the Financial year 2017-18.</u>

Motions for the Supplementary Demands for Grants in the Budget for the Financial year 2016-17 in respect of the Demands II, III, XII, XIII, VIII, XXIV, XV, XVII, XVIII, XLVI, XX, XXII, XXXVI, XXV, XXVII, XLII, XXIX, XXX, XXXIII, XXXIV and XXXVII were moved by the respective Ministers.

The following Members took part in the discussion:

Shri T. V. Rajesh

Shri K. C. Joseph

Shri K. Rajan

Shri Manjalamkuzhi Ali

Shri John Fernandez

Shri Mons Joseph

Shri P. T. A. Rahim

Shri P. C. George

Shri C. K. Nanu

Smt. Veena George

Shri Anwar Sadath

Shri Raju Abraham

Shri C. Divakaran

Shri Anoop Jacob

Dr. M. K. Muneer

Shri S. Sarma

Shri Thiruvanchoor Radhakrishnan.

Dr. T. M. Thomas Isaac, Minister for Finance and Coir replied to the points raised during the discussion. Then the supplementary demands moved were put to vote and passed by the ~~Home.~~ House.

Then the ~~Home~~ House also passed the supplementary demands with regard to Demand Numbers XIV, XVI, XXIII, XXVIII, XXXII and XL without any discussion.

*Legislative Business:*

Prof. C. Raveendranath, Minister for Education moved that the Malayalam Language (Compulsory Language) Bill, 2017, as reported by the Subject Committee be taken up for consideration. Shri Shafi Parambil, Shri K. C. Joseph and Shri P. K. Abdu Rabb who had recorded their minutes of dissent on the Report of the Subject Committee also spoke.

Shri Sarma moved an amendment for circulation of the Bill for eliciting public opinion and Shri A. P. Anil Kumar moved another amendment to recommit the Bill to the same Subject Committee and spoke. After discussion and reply by the Minister the amendments moved were withdrawn by the leave of the House. The Bill was then considered clause by clause and passed with the following amendments.

<u>Preamble</u>

നിയമപ്രഖ്യാപന വാക്യത്തിലെ "ഇനിപ്പറയും" എന്നത് "ഇനി പറയും" എന്ന് മാറ്റുക.

<u>Clause 2</u>

ഖണ്ഡം 2(1) (ബി)യിൽ "എല്ലാ"എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 2(1) (ബി)യിൽ "അൺ-എയ്ഡഡ്, സ്കൂളുകൾ" എന്നതിനു പകരം "അൺ-എയ്ഡഡ് സ്കൂളുകൾ" എന്ന് ചേർക്കുക.

ഖണ്ഡം 2(1) (ബി)-യിൽ "ബോർഡുകളുമായി" എന്നതിനു പകരം "ബോർഡുകളിലേതെങ്കിലുമായി"എന്ന് ചേർക്കുക.

Clause 3

ഖണ്ഡം 3(1)-ൽ ക്ലിപ്തനിബന്ധനയിൽ "അനുസരിച്ച്"എന്നത് "പ്രകാരം" എന്ന് മാറ്റുക.

ഖണ്ഡം 3(1)-ൽ ക്ലിപ്തനിബന്ധനയിൽ "ഭാഷാന്യൂനപക്ഷ"എന്ന വാക്കിനു പകരം "ഭാഷാ ന്യൂനപക്ഷ" എന്ന് മാറ്റുക.

ഖണ്ഡം 3(3)-ൽ "പ്രചാരണങ്ങളോ" എന്ന വാക്കിനു ശേഷമുള്ള "സ്കൂളുകളിൽ" എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 3(7)-ൽ "മലയാള" എന്നതിനു ശേഷം "ഭാഷാ"എന്നു ചേർക്കുക.

Clause 4

ഖണ്ഡം 4(4)-ൽ "നിർണ്ണയിക്കാവുന്ന രീതിയിൽ"എന്ന വാക്കിന് ശേഷം "സർക്കാരിന്"എന്ന വാക്കും, "അംഗീകാരം റദ്ദാക്കുന്നതും"എന്ന വാക്കുകൾക്കു പകരം "അംഗീകാരം റദ്ദാക്കുകയും"എന്ന വാക്കുകളും "ചെയ്യേണ്ടതാണ്" എന്ന വാക്കിനു പകരം "ചെയ്യാവുന്നതാണ്" എന്ന വാക്കും ചേർക്കുക.

ഖണ്ഡം 4(1)-ൽ "(2)-ഉം (3)-ഉം ഉപവകുപ്പുകളിലെ" എന്നതിനു പകരം "(2)-ാം ഉപവകുപ്പിലെയോ (3)-ാം ഉപവകുപ്പിലെയോ" എന്ന് ചേർക്കുക.

ഖണ്ഡം 4(3)-ൽ "കിട്ടി 30 ദിവസത്തിനുള്ളിൽ" എന്ന വാക്കുകൾക്കു ശേഷം "പൊതു" എന്ന വാക്ക് ചേർക്കുക.

~~Clause 4 (a)~~

ഖണ്ഡം 4(4)-ൽ "(1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മൂന്ന് ലംഘനങ്ങളുണ്ടാകുന്നപക്ഷം" എന്നതിനുപകരം "3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലേയോ, (3)-ാം ഉപവകുപ്പിലേയോ നാല് (എ) വകുപ്പ് വ്യവസ്ഥകളുടെ ലംഘനം മൂന്ന് തവണ ഉണ്ടാകുന്ന പക്ഷം" എന്നു ചേർക്കുക.

Clause 4(a)

ഖണ്ഡം " 4(a)"എന്നത് "5"എന്ന് മാറ്റുകയും ശേഷിക്കുന്നവ ആയത് പ്രകാരം പുനരക്കം ചെയ്യുകയും ചെയ്യുക.

The House adjourned at 6.45 p.m. to meet again at 8.30 a.m. on Thursday, May 25, 2017.

V. K. BABU PRAKASH,
*Secretary.*